അയിരൂർ പഞ്ചായത്തിൽ മാവേലിസ്റ്റോർ അനുവദിക്കുന്നതിന് നടപടി

103 (760) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറൻമുള നിയോജകമണ്ഡലത്തിൽ അയിരൂർ പഞ്ചായത്തിൽ മാവേലിസ്റ്റോർ ആരംഭിക്കുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) അയിരൂർ പഞ്ചായത്തിൽ ഈ വർഷംതന്നെ മാവേലിസ്റ്റോർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) മാവേലിസ്റ്റോറുകൾ നിലവിലില്ലാത്ത പഞ്ചായത്തുകളിൽ മാവേലിസ്റ്റോറുകൾ തുറക്കുന്നതിന് 8.6.2000-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അനുയോജ്യമായ കെട്ടിടം ലഭിക്കുന്ന മുറയ്ക്ക് അയിരൂർ പഞ്ചായത്തിൽ മാവേലിസ്റ്റോർ ആരംഭിക്കുന്നതാണ്.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മാവേലിസ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ, ബസാറുകൾ

104 (761)ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര മാവേലിസ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ, ബസാറുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്;

(ബി) പുതിയ മാവേലിസ്റ്റോറുകൾ ആരംഭിക്കുമ്പോൾ ചേർപ്പ് മണ്ഡലത്തിലെ ആവിണിശ്ശേരി ഗ്രാമപഞ്ചായത്തിൽ മാവേലിസ്റ്റോർ ആരംഭിക്കുന്നതിന് വേണ്ടി നടപടി സ്വീകരിക്കുമോ;

(സി) തൃശ്ശൂർ ജില്ലയിൽ എത്ര മാവേലി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്; എവിടെയെല്ലാം;

(ഡി) തൃശ്ശൂർ കോർപ്പറേഷൻ അതിർത്തിയിൽ ഒരു മാവേലി മെഡിക്കൽ സ്റ്റോർ അനുവദിക്കുമോ?

ഉത്തരം

(എ) 753 മാവേലിസ്റ്റോറുകൾ, 21 മൊബൈൽ മാവേലിസ്റ്റോറുകൾ 19 സൂപ്പർ മാർക്കറ്റുകൾ എന്നിവ പ്രവർത്തിക്കുന്നു. ബസാറുകൾ ഉത്സവ സീസണുകളിൽ മാത്രമാണ് പ്രവർത്തിക്കുന്നത്.

(ബി) സ്വീകരിക്കുന്നതാണ്.

(സി) തൃശ്ശൂർ ജില്ലയിൽ വടക്കാൻചേരിയിൽ ഒരു മാവേലി മെഡിക്കൽ സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്.

(ഡി) സൗകര്യപ്രദമായ കെട്ടിടം കിട്ടുന്ന മുറയ്ക്ക് ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly